


# താളവും മേളവും

താളവും ഈണവും നിറഞ്ഞ ഭാഷയാണ് നമ്മുടെ മലയാളം. കഥയിലും കടങ്കഥയിലും നിറഞ്ഞുനിൽക്കുന്ന താളവും ഈണവും നമ്മൾ കണ്ടല്ലോ. കഥയ്ക്കും കടങ്കഥയ്ക്കും മാത്രമാണോ ഭംഗിയുള്ളത്? ഒരു ഉത്സവവിവരണം വായിക്കൂ.

## കാനനോത്സവം

കൊയ്ത്തുകഴിഞ്ഞ വയൽ. അവിടമാകെ നക്ഷത്രത്തരിപോലെ നെന്മണികൾ കൊഴിഞ്ഞു കിടക്കുന്നുണ്ടാവും. അതു കൊത്തിപ്പെറുക്കി വയറു നിറച്ചു തിരികെ പോരുന്നതിനുമുമ്പ് നാട്ടിലൊക്കെയൊന്നു ചുറ്റിത്തിരിയണം. അത് കുഞ്ഞരിപ്രാവിന്റെ പതിവാണ്.

അങ്ങനെ ചുറ്റിത്തിരിയുമ്പോഴാണ് അവൾ കാടരിക് എൽ.പി.സ്കൂൾ ഗ്രൗണ്ടിൽനിന്ന് മൈക്ക് അനൗൺസ്മെന്റ് കേട്ടത്.
അവൾ അവിടേക്കു പറന്നെത്തി.

ഭക്ഷണപ്പുരയോടു ചേർന്നുള്ള മുത്തശ്ശിപ്ലാവിന്റെ കൊമ്പിൽ ചെന്നിരുന്നു. അവിടെനിന്നു നോക്കിയാൽ സ്കൂൾ മുഴുവൻ കാണാം. ഗ്രൗണ്ടിനോടു ചേർന്നുള്ള സ്റ്റേജിൽനിന്നാണ് അനൗൺസ്മെന്റ്. കുട്ടികൾ തിങ്ങിനിറഞ്ഞ ഗ്രൗണ്ട്, പൂത്ത താഴ്വരപോലെ. അവിടെയാണു കലോത്സവം. സ്റ്റേജിൽ ലളിതഗാനമത്സരമാണു നടക്കുന്നത്. ഓരോ പാട്ടു കഴിയുമ്പോഴും കുട്ടികളൊന്നാകെ കൈയടിക്കുന്നു; സന്തോഷസൂചകമായി ആർപ്പുവിളിക്കുന്നു. പാട്ടിനുശേഷം മോണോആക്ട്, മിമിക്രി, ഡാൻസ്, ഒപ്പന, തിരുവാതിരക്കളി അങ്ങനെ പലതരം പരിപാടികൾ അരങ്ങേറി. കുട്ടികളാകെ ഉല്ലാസത്തിലാണ്.

കുഞ്ഞരിപ്രാവ് ആ പരിപാടികളെല്ലാം കണ്ടുരസിച്ചു.

കാട്ടിൽ തിരിച്ചെയെത്തിയപ്പോഴേക്കും സായാഹ്നസഭയുടെ സമയമായിരുന്നു.



PENCIL GROUP.....
[A Totally acadamic group for std 3]
Join number : 9895 10 5085

## യൂണിറ്റ് 1

## താളവും മേളവും.

### മൊഡ്യൂൾ : കാനനോത്സവം.

### ✦ പഠനലക്ഷ്യങ്ങൾ.

- വിവരണം വായിച്ചു കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക. സ്വന്തമായി വിവരണം തയ്യാറാക്കുന്നതിൽ ആനന്ദിക്കുക.
- അനുയോജ്യമായ ഭാവം, ഒഴുക്ക്, ഉച്ചാരണശുദ്ധി, അർത്ഥവ്യക്തതയുള്ള ഊന്നലുകൾ എന്നിവയോടെ ആകർഷകമായി സ്വയം രസിച്ച് വായിച്ച് അവതരിപ്പിക്കുക.
- ചർച്ചകളിൽ പങ്കെടുത്ത് അധ്യാപകരുടെ സഹായത്തോടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ സ്വന്തം രചനകളും മറ്റുള്ളവരുടെ രചനകളും വിലയിരുത്തി മെച്ചപ്പെടുത്തുന്നതിൽ സന്തോഷിക്കുക.
- വാക്കകലം, വരിയകലം, ബന്ധിതാക്ഷരം, അക്ഷരവ്യക്തത, ചിഹ്നനം എന്നിവ പാലിച്ച് എഴുതുന്നതിൽ ആനന്ദിക്കുക. പദക്കൂട്ട്, പ്രയോഗം, പകരം പദം, വിശേഷണം, സമാനപദം, എന്നിവ തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിൽ ആനന്ദിക്കുക.

### ✦ ആശയം / ധാരണ.

- അനുഭവ വിവരണം മനസ്സിൽ തട്ടുന്നതാവണമെങ്കിൽ ഉചിതമായ പദങ്ങൾ, പ്രയോഗങ്ങൾ, സാദൃശ്യപ്പെടുത്തിപ്പറയലുകൾ മുതലായവ വേണം.
- അനുഭവങ്ങൾ മനസ്സിൽ തട്ടുന്ന വിധം അവതരിപ്പിക്കാൻ ആശയങ്ങളെ ക്രമപ്പെടുത്തേണ്ടതുണ്ട്.
- അനുഭവവിവരണത്തിന് കരുത്തു കൂട്ടാൻ പുതിയ പദക്കൂട്ടുകൾ, പ്രയോഗങ്ങൾ മുതലായവ സഹായിക്കും.

- മനസ്സിൽ തട്ടുന്ന അനുഭവങ്ങൾ ഉചിതമായ മറ്റൊരു സന്ദർഭത്തിൽ അവതരിപ്പിക്കാൻ കഴിയും.
- മനസ്സിനെ സ്പർശിച്ച അനുഭവങ്ങളും അതിനോടുള്ള പ്രതികരണങ്ങളുമടക്കം എഴുതുമ്പോഴാണ് ഡയറി മികച്ചതാകുന്നത്.

## പഠനസാമഗ്രികൾ.

- സൂചകങ്ങൾ എഴുതിയ ചാർട്ട്, അക്ഷരമാലാ ചാർട്ട്, ടീച്ചർവേർഷൻ ചാർട്ട്.

## പഠന സമയം.

8 പിരിയഡ്.

## തീയതി.

| പഠനപ്രവർത്തനം / പ്രക്രിയ | വിലയിരുത്തൽ |
| --- | --- |
| **കാനനോത്സവം**<br>- പാഠഭാഗത്തേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.<br>- പാഠത്തിന്റെ തുടക്കം ടീച്ചർ ഉറക്കെ വായിക്കുന്നു.<br>കൊയ്ത്തു കഴിഞ്ഞ വയൽ - - - -<br>അവൾ അവിടേക്കു പാറന്നെത്തി.<br>തുടർന്നുള്ളവ അറിയാൻ പാഠഭാഗം വ്യക്തിഗതമായി വായിക്കാൻ പറയുന്നു [മൗനവായന].<br>- വായനയിൽ പ്രയാസമുള്ളവർക്ക് പിന്തുണ നൽകുന്നു.<br>- തുടർന്ന് ടീച്ചർ ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നു.<br>- രസകരമായ പ്രയോഗങ്ങൾ കുട്ടികളുടെ | |

ശ്രദ്ധയിൽ കൊണ്ടു വരുവാൻ ചർച്ച.

✍ പച്ചത്താഴ്വര പോലെ – സ്കൂൾ ഗ്രൗണ്ടിനെ പച്ചത്താഴ്വര എന്നു പറഞ്ഞത് എന്തുകൊണ്ടാവും?

✍ നക്ഷത്രത്തരിപോലെ നെന്മണികൾ – എന്തായിരിക്കും ഇങ്ങനെ പറയാൻ കാരണം?

✍ 'ദാ...ന്ന്' പറഞ്ഞതുപോലെ കലോത്സവദിനമായി – ദാ..ന്ന് പറഞ്ഞതു പോലെ എന്നാൽ എന്താണ് മനസ്സിലായത്?

✍ വളരെ പെട്ടെന്ന് എന്ന് പറയുന്നതിനു പകരം ഇങ്ങനെ പറയുന്നതു കൊണ്ട് എന്താണ് ഗുണം?

– കുട്ടികളുടെ പ്രതികരണം, ടീച്ചറുടെ ക്രോഡീകരണം.

ഇത്തരത്തിൽ പ്രത്യേക അർത്ഥം ഇല്ല എന്നു തോന്നുമെങ്കിലും വളരെ രസകരമായി കാര്യങ്ങൾ വിശദമാക്കാൻ ചില നാട്ടുപ്രയോഗങ്ങൾ എല്ലായിടത്തുമുണ്ടാവും.

? പരിചയമുള്ള ഇത്തരം പ്രയോഗങ്ങൾ പറയാമോ?

- ചക്കരമാമ്പഴം ചപ്പിളിപ്പിളിയായി
- ശറേ... ന്ന് മഴപെയ്തു.
- ചടപടാ-- അതാ കിടക്കുന്നു താഴെ.
- പ്തോം... ന്ന് വീണു.

✍ കാനനോത്സവം – പുതിയ ഇനങ്ങൾ.

കാട്ടിലെ കൂട്ടുകാർക്കു മാത്രം പങ്കെടുക്കാൻ കഴിയുന്ന ഏതെങ്കിലും പുതിയ ഇനങ്ങൾ നിർദ്ദേശിക്കാമോ?

– ഇതിനായി ക്ലാസിൽ ഒരു ചർച്ച.

? ആന പങ്കെടുക്കാനിടയുള്ള മത്സരം ഏതാവും?

- ഫാൻസി ഡ്രസ് മത്സരത്തിൽ ആരാവും പങ്കെടുക്കുക?
- വണ്ട്, കൊതുക്, തേനീച്ച, എന്നിവർക്ക് ഒന്നിച്ച് പങ്കെടുക്കാവുന്ന മത്സരം ഏതാവും?
- പാട്ടുപാടൽ മത്സരത്തിൽ പങ്കെടുക്കാനിടയുള്ളതാരാണ്?
- ഓരിയിടൽ മത്സരത്തിലോ?

☆ കുട്ടികളുടെ പ്രതികരണം.

☆ കണ്ടെത്തലുകൾ ടീച്ചർ ക്രോഡീകരിക്കുന്നു.

ചിന്നം വിളി മത്സരം – ആന
ഫാൻസി ഡ്രസ്സ് – ഓന്ത്
വാലാട്ടിക്കളി – പക്ഷികൾ
മൂളിപ്പാട്ടു മത്സരം – വണ്ട്, കൊതുക്, തേനീച്ച.
ഓരിയിടൽ മത്സരം – നായ, കുറുക്കൻ

- കുട്ടികൾ നോട്ടുബുക്കിലേക്ക് എഴുതുന്നു.

☆ ഇനിയും പുതിയ ഇനങ്ങൾ കണ്ടെത്താം.

- വിവരണത്തിൽ ഉള്ളതും കുട്ടികൾ കണ്ടെത്തിയതുമായ മത്സരയിനങ്ങൾ അക്ഷരമാലാക്രമത്തിൽ പട്ടികപ്പെടുത്തുന്നു.
- ടീച്ചർ അക്ഷരമാലാ ചാർട്ട് പ്രദർശിപ്പിക്കുന്നു. അക്ഷരമാലാ ചാർട്ടുമായി ഒത്തുനോക്കി വാക്കുകളുടെ ക്രമം ഉറപ്പിക്കുന്നു.
- അക്ഷരമാലാ ചാർട്ടുമായി ഒത്തുനോക്കി താൻ നിർണയിച്ച ക്രമം കുട്ടികൾ സ്വയം പരിശോധിച്ച് ഉറപ്പുവരുത്തുന്നു.
- കുട്ടികൾ എഴുതേണ്ട രീതി ഉദാഹരണമെന്ന നിലയിൽ ടീച്ചർ കാണിച്ചുകൊടുക്കുന്നു.

ആന – ചിന്നം വിളി
ഓന്ത് – ഫാൻസി ഡ്രസ്സ്
കാക്ക – കുറുകൽ
കുയിൽ – പാട്ട്
പ്രാവ് – കുറുകൽ
മയിൽ – നൃത്തം
തത്ത – പാട്ട്.

## നിയമാവലി

കുട്ടികൾക്ക് പരിചയമുള്ള ഒരു പരിപാടിയുടെ നിയമാവലി ചർച്ചയിലൂടെ രൂപപ്പെടുത്തുന്നു.

ഉദാ: സംഘനൃത്തം

? സംഘത്തിൽ എത്ര പേരുണ്ടാവാം.?
? എത്ര സമയം നൃത്തം വയ്ക്കാം.?
? എന്തെല്ലാം വേഷവിധാനങ്ങളാവാം.?
? അണിഞ്ഞൊരുങ്ങാനുള്ള ആഭരണങ്ങളും ഡ്രസ്സുകളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതുണ്ടോ.?
? പാട്ടിനും കൊട്ടിനും കാസറ്റ് ഉപയോഗിക്കാമോ?

ചർച്ചയിലൂടെ സംഘനൃത്തത്തിന്റെ നിയമാവലി രൂപപ്പെടുത്തുന്നു.

കുട്ടികൾക്ക് കാനനോത്സവത്തിലെ വിവിധ ഇനങ്ങളുടെ നിയമാവലി വ്യക്തിഗതമായി തയ്യാറാക്കാൻ അവസരം നൽകുന്നു.

- തയ്യാറാക്കിയ നിയമാവലി ചർച്ച.
- നിയമാവലി പങ്കെടുക്കുന്ന ജീവികളുടെ പ്രത്യേകതകൾക്ക് യോജിച്ചവയാണോ.?
- സമയത്തെ സംബന്ധിച്ച നിബന്ധന ഉചിതമാണോ?

- വാദ്യോപകരണങ്ങളെ സംബന്ധിച്ച നിർദേശങ്ങളുണ്ടോ.?
-

☆ തുടർന്ന് ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു.

☆ കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കിയ നിയമാവലി മെച്ചപ്പെടുത്തി എഴുതുന്നു.

മൂളിപ്പാട്ടു മത്സരം – നിയമാവലി.

- അഞ്ചു മിനിറ്റാണ് മത്സര സമയം.
- ഒരു ഗ്രൂപ്പിൽ ഏഴു പേർക്കു പങ്കെടുക്കാം.
- വാദ്യോപകരണങ്ങൾ ഉപയോഗിക്കരുത്.
- പറന്നു നടക്കുന്ന ജീവികൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ.

☆ <u>കായിക മത്സര ഇനങ്ങൾ കണ്ടെത്തൽ</u>

കാട്ടുജീവികളുടെ കായിക മത്സര ഇനങ്ങൾ – എഴുത്ത് (വ്യക്തിഗതം)

<u>അവതരണം ചർച്ച</u>

- മരം പറിച്ചെടുക്കൽ മത്സരം
- തേൻ ശേഖരണം.
- മരംചാട്ടം.
- കൂടുണ്ടാക്കൽ മത്സരം
- നീന്തൽ
- മാളം നിർമിക്കൽ
- ഓട്ടം ചാട്ടം പറക്കൽ [ഉയരത്തിൽ, വേഗത്തിൽ പറക്കൽ]

☆ ഇത്തരം ഇനങ്ങൾ കൂട്ടിച്ചേർത്ത് ബോർഡിൽ ക്രോഡീകരിക്കുന്നു.

- കുട്ടികൾ നോട്ടുബുക്കിൽ ചേർക്കുന്നു.

☆ <u>കുഞ്ഞരിപ്രാവു കണ്ട കലോത്സവം.</u>

- "ഞാൻ കണ്ട കലോത്സവത്തെപ്പറ്റി കുഞ്ഞരിപ്രാവ് വിശദമായി പറഞ്ഞു" - കുഞ്ഞരിപ്രാവ് സായാഹ്ന സദസ്സിൽ നടത്തിയ അനുഭവ വിവരണം എന്തായിരിക്കും?
- കുഞ്ഞരിപ്രാവിന്റെ സ്കൂൾ കലാമേളാനുഭവങ്ങൾ കുട്ടികളെക്കൊണ്ട് പറയിക്കുന്നു. ഇതിനായി ആദ്യ ഭാഗം കുട്ടികൾ പാഠവായന നടത്തുന്നു.
- കുഞ്ഞരിപ്രാവിന്റെ അനുഭവവിവരണം എഴുതി തയ്യാറാക്കാൻ അവസരം നൽകുന്നു.
- ചിലർ വായിച്ചവതരിപ്പിക്കുന്നു.

* നല്ലൊരു അനുഭവക്കുറിപ്പിന്റെ പ്രത്യേകത ക്ലാസിൽ പൊതു ചർച്ച നടത്തുന്നു. സൂചകങ്ങൾ വികസിപ്പിക്കുന്നു.

സൂചകങ്ങൾ.

- വിവരണം വായിക്കുമ്പോൾ സംഭവങ്ങളും, സന്ദർഭങ്ങളും വ്യക്തമായി മനസ്സിലാക്കാനാവുന്നുണ്ട്.
- മനസ്സിൽ തട്ടുന്ന രീതിയിൽ എഴുതിയിട്ടുണ്ട്.
- യോജിച്ച വാക്കുകളും പ്രയോഗങ്ങളും ഉപയോഗിച്ചിട്ടുണ്ട്.

* വ്യക്തിഗതമായി എഴുതിത്തയ്യാറാക്കിയ രചനകൾ ഗ്രൂപ്പുകളിൽ അവതരണം.

- സൂചകങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തൽ.
- മെച്ചപ്പെടുത്തി എഴുതാൻ അവസരം നൽകുന്നു.
- ടീച്ചർ വേർഷൻ അവതരണം.

Sign of HM :

Sign of Tr :